# സംവേദനവും മലയാളവും

◆ ഡോ. സ്കറിയ സക്കറിയ

'കമ്യൂണിക്കേഷൻ വിമർശനപരമോ വിപ്ലവാത്മകമോ ആകാത്തിടത്തെല്ലാം അത് മർദ്ദകംതന്നെയാണ്. സമുദായവിപ്ലവത്തിന്റെ മുന്നോടി നിലവിലുള്ള കമ്യൂണിക്കേഷന്റെ നിരാകാരവും വിപ്ലവമൂല്യാധിഷ്ഠിതമായ കമ്യൂണിക്കേഷനുമാണ്.'

(ഒരു സാമൂഹിക കാഴ്ചപ്പാടിൽനിന്ന്, 2012, പു. 51)

## എന്താണ് സംവേദനം (Communication)?

അറിവിന്റെ വിനിമയം എന്നു പറഞ്ഞ് അവസാനിപ്പിക്കാൻ പ്രലോഭനം ഉണ്ടാകും. കുറേക്കൂടി ശ്രദ്ധ ആകർഷിക്കുന്ന സാംസ്കാരിക സങ്കല്പനമാണ് ഇന്നത്തെ നിലയിലെ സംവേദനം(1). ഇന്ന് സംവേദനയുഗം, സംവേദനസമൂഹം തുടങ്ങിയ പ്രയോഗങ്ങൾ സംവേദനത്തെ കൂടുതൽ അർത്ഥസാന്ദ്രമാക്കുന്നു. സംവേദനശൃംഖല എന്ന സങ്കല്പനംകൂടി സമകാലിക ചർച്ചകളിൽ ഒരു താക്കോൽവാക്കായി വളർന്നിരിക്കുന്നു. ഭാഷയിലൂടെ നിർബാധമായി സംഭവിക്കുന്നതാണ് സംവേദനമെന്ന് കരുതുന്നവർ ഉണ്ട്. സമൂഹത്തിന്റെ അടിത്തറയിൽനിന്നു രൂപപ്പെട്ടുവരുന്ന മേൽപുരയുടെ ഭാഗമാണ് സംവേദനം എന്നും വാദിക്കാം. അതല്ല, നിത്യജീവിതത്തിന്റെയും സാമൂഹിക സാമ്പത്തിക വിഭവങ്ങളുടെയും അടിത്തറയിൽ രൂപപ്പെടുന്ന പ്രതിരൂപാത്മക സ്വഭാവമുള്ള മേൽപുരയുടെ ഭാഗമാണ് സംവേദനം എന്നും വിശ്വാസമുണ്ട്. ഭാഷയുടെ അർത്ഥതലത്തിൽ പരിമിതപ്പെടുന്നില്ല സംവേദനം. പ്രയോഗത്തി

ലേക്കും ചിഹ്നതലത്തിലേക്കും കടന്നുനിന്നുകൊണ്ടാണ് സംവേദനശൃംഖല പ്രവർത്തിക്കുന്നത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ഓരോരോ വ്യവസ്ഥകൾ രൂപപ്പെടുത്തി അതിനുള്ളിലാണ് സംവേദനപ്പൊരുൾ പ്രകടമാകുന്നത്. വക്താവും ശ്രോതാവും പരിസ്ഥിതിയും പങ്കെടുക്കുന്ന പ്രക്രിയയിലൂടെ ആണ് സംവേദനമൂല്യം ഉണ്ടാകുന്നത്. വിനിമയമൂല്യം ഒരു വസ്തുവല്ല, അചാല്യമായ സങ്കല്പനവുമല്ല, മറിച്ച്, ഒരു പ്രക്രിയയാണ്. അറിവു രൂപീകരണം എന്നു വേണം പറയാൻ. വക്താവിന്റെ വിവക്ഷയെല്ലാം ശ്രോതാവിനു ലഭിച്ചുകൊള്ളണമെന്നില്ല. വക്താവിനും ശ്രോതാവിനും മുന്നറിവില്ലാത്ത തിരിച്ചറിവുകൾ സംവേദനശൃംഖലയിൽ പ്രകടമായേക്കാം. സംവേദനം നാടകമാണ്. സംവേദനത്തെ ശൃംഖലയായി വിവരിക്കാറുണ്ട്. അതിൽ ഉത്പാദനവും ഉപഭോഗവും മാത്രമല്ല അടയാളപ്പെടുന്നത്. നാനാതരത്തിലുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടാണ് സംവേദനശൃംഖല പ്രവർത്തിക്കുന്നത്. സംവേദനപ്രക്രിയ നിർബാധമല്ല നടക്കുന്നത്. പലതരത്തിലുള്ള നിയന്ത്രണങ്ങൾക്ക് വഴിപ്പെട്ടാണ് സംവേദനശൃംഖല രൂപംകൊള്ളുന്നത്. സംവേദനശൃംഖലയിൽ സ്വത്വബോധം പ്രകാശിക്കും. ഒരുതരം പ്രതിനിധാനമായി ഇതു പരിഗണിക്കപ്പെടുന്നു. അധികാരം, രാഷ്ട്രീയം എന്നിവയെല്ലാം സംവേദനശൃംഖലയിലാണ്. നിഷ്പക്ഷമല്ല സംവേദനശൃംഖല. സംവേദനശൃംഖലയുടെ അപഗ്രഥനത്തിൽ വ്യാകരണബുദ്ധി പ്രവർത്തിച്ചതുകൊണ്ടായില്ല. അവിടെ പ്രയോഗബോധം ഊർജിതമാകേണ്ടിയിരിക്കുന്നു. അത്തരമൊരു ഉണർവ് വിജ്ഞാനയുഗത്തിൽ അതിജീവനത്തിനു കൂടിയേ തീരൂ. ഉദാരമാനവികതാവാദചിന്തകൊണ്ടോ, ഭാഷാപരിചയംകൊണ്ടോ ഭാവനാസമൃദ്ധികൊണ്ടോ സംവേദനശൃംഖലയിൽ ഇടപെടാനാവില്ല. അതിനുവേണ്ടത് വിമർശനബുദ്ധിയും അപഗ്രഥനപാടവവും വ്യാഖ്യാനശേഷിയുമാണ്. സംവേദനയുഗത്തിൽ അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ ഭാഗമാകേണ്ടതാണ് ഇത്തരം ജാഗ്രത. സംവേദനസാക്ഷരത എന്ന് ഇതിനെ വിളിക്കാം. വിമർശനബുദ്ധിയിലും വീണ്ടുവിചാരത്തിലും ആശ്രയിച്ചുണ്ടാക്കുന്ന കർത്തൃത്വപ്രകാശനമാണ് സംവേദനാനുഭവം.

നോട്ട് റദ്ദാക്കൽ സംവേദനശൃംഖലയിലെ വിഭവമായിത്തീരുമ്പോൾ എന്തു സംഭവിക്കുന്നു എന്നു ശ്രദ്ധിക്കണം. വാക്കുകളും ചിത്രങ്ങളുംകൊണ്ട് നോട്ട് റദ്ദാക്കലിനെ രസകരമായ സംഭവമാ

ക്കാൻ മാധ്യമങ്ങൾ മത്സരിക്കുന്നു. എ.ടി.എമ്മിനു മുമ്പിൽ നീണ്ട ക്യൂവിൽ കാത്തുനിൽക്കുന്ന പൗരന്മാരെ ചിത്രീകരിച്ച് അവതരിപ്പിക്കുമ്പോൾ മാധ്യമപ്രവർത്തകൻ നിഷ്പക്ഷനല്ല. സംവേദനശൃംഖലയിലൂടെ ഒരു സന്ദേശം സഞ്ചരിക്കുന്നു. അത് നോട്ട് റദ്ദാക്കലിന്റെ സഫലതയോ വിഫലതയോ ആകാം. ദൃശ്യങ്ങളുടെ തെരഞ്ഞെടുപ്പിൽ അതിന്റെ ചിഹ്നമൂല്യം മാധ്യമപ്രവർത്തകൻ പരിഗണിക്കുന്നില്ല. ചിത്രങ്ങൾ സംയോജിപ്പിച്ചോ വേർതിരിച്ചോ സംവേദനം സുഗമമാക്കാൻ എഡിറ്റർക്കു കഴിയും. എഡിറ്ററുടെ വൈഭവംകൊണ്ടു മാത്രം സന്ദേശപ്രവാഹം സുഗമമായിക്കൊള്ളണമെന്നില്ല. ഉപഭോഗസ്ഥാനം അനേകം വെല്ലുവിളികൾ ഉണർത്തും. പൂർവധാരണകൾ, പ്രതിപക്ഷബുദ്ധി, പ്രത്യയശാസ്ത്രം എന്നിവയൊക്കെ സന്ദേശത്തെ അട്ടിമറിച്ചെന്നു വരാം. അട്ടിമറിക്കാനുള്ള ശേഷി മാധ്യമപ്രവർത്തകനു മാത്രമല്ല വായനക്കാരനുമുണ്ട്. അല്ലെങ്കിൽ സംവേദനശൃംഖലയുടെ പരിസ്ഥിതികൾക്കും അതിനു കഴിവുണ്ടാകും. ചുരുക്കിപ്പറഞ്ഞാൽ, അറിവുശൃംഖല പങ്കാളികളെ രൂപപ്പെടുത്തുന്നു. പങ്കാളികൾ സംവേദനശൃംഖല രൂപപ്പെടുത്തുന്നു എന്നു പറയാം. ഭാഷ മനുഷ്യനെ ഉണ്ടാക്കുന്നു, മനുഷ്യൻ ഭാഷയെ ഉണ്ടാക്കുന്നു. ഇങ്ങനെ ശൃംഖലിതരായ മനുഷ്യർ സംവേദനത്തിലൂടെ സമൂഹത്തെ രൂപപ്പെടുത്തുന്നു. സാമൂഹികത സംവേദനത്തിലൂടെ എങ്ങനെ രൂപപ്പെടുന്നു എന്ന് ആലോചിക്കേണ്ടതുണ്ട്.

പുലിമുരുകൻ എന്ന സിനിമ കണ്ടിറങ്ങുന്നവർ പല കാര്യങ്ങളിലും വ്യത്യസ്തരാണെങ്കിലും സംവേദനശൃംഖലയിലെ പങ്കാളികൾ ആയിരുന്നു രണ്ടുമൂന്നു മണിക്കൂർ. മോഹൻലാലിന്റെ ശരീരഭാഷയിൽ മലയാളസിനിമയിലെ അനേകം ദൃശ്യപരമ്പരകളും കാടിന്റെ വന്യമായ പ്രകൃതിയും സാമാന്യബുദ്ധിയുടെ ഭാഗമായി അവരിൽ പ്രവർത്തിച്ചിരുന്നു. ഇത് വെറും ബുദ്ധിപരമായ കസർത്തല്ല, അനുഭവമാണ്. അനുഭവപരമാണ് അവരുടെ ചേർച്ച. സിനിമ, വനം, സാഹസികത, ജന്തുജാലം, സസ്യജാലം തുടങ്ങിയവയെക്കുറിച്ചുള്ള ധാരാളം അറിവുകൾ പങ്കുവച്ചുണ്ടാക്കുന്നതാണ് പുലിമുരുകൻ. കൊച്ചി മുസിരിസ് ബിനാലെയുടെ കാര്യം വ്യത്യസ്തമാണ്. ഇതിലെ പ്രതിഷ്ഠാപനം (installation) മലയാളിയുടെ അറിവുശൃംഖലയെ അലോസരപ്പെടുത്തുന്നു. സാമാന്യബുദ്ധിയെ ചോദ്യം ചെയ്യുന്നു. കേമത്തത്തെക്കുറിച്ചുള്ള ധാരണകളെ തകിടം

മറിക്കുന്നു. പുതുമയാണ് ഇവിടെ സംവേദനപ്രവാഹത്തെ നിയന്ത്രിക്കുന്നത്. വിപണിശൃംഖലയിലെ ശരീരബോധവും സാമ്പത്തികബുദ്ധിയും പുതിയ സന്ദേശങ്ങൾക്ക് വഴിമാറുന്നു. പരസ്യശൃംഖലയുടെ തുടർച്ചയിലല്ല, വിച്ഛേദത്തിലാണ് ബിനാലെയുടെ ഭാവുകത്വം. വിവാഹവും തീർത്ഥാടനവും എല്ലാം പരസ്യബലത്തിൽ പ്രകടനമായിത്തീർന്നിരിക്കുന്ന ഒരു സമൂഹക്രമത്തിൽ ബിനാലെ വ്യത്യസ്തമായിത്തീരുന്നു. ഓരോ സംവേദനശൃംഖലയും ഒരായിരം സാധ്യതകളായി സമൂഹത്തിലേക്കു വ്യാപിക്കുമ്പോൾ ബഹുവിധ പ്രതികരണങ്ങളിലൂടെ അനേകമടങ്ങായി അതു പെരുകുന്നു. ഇത്തരം വൈവിധ്യസമൃദ്ധിയാണ് സംവേദനത്തിന്റെ രസനീയത. ഇത്രയും കാര്യങ്ങൾ മനസ്സിൽവച്ചിട്ട് ചെറിയൊരു ചോദ്യത്തിന് ഉത്തരം കൊടുക്കാൻ ശ്രമിക്കാം.

**ഭാഷ എന്തിന്?**

വിവരവിനിമയത്തിന് എന്നായിരിക്കും പലരുടെയും ഉത്തരം. നമ്മുടെ ചുറ്റുപാടുമുള്ള സംവേദനശൃംഖലകൾ ശ്രദ്ധിച്ചിരുന്നെങ്കിൽ ഇങ്ങനെ തറഞ്ഞുനിൽക്കുമായിരുന്നില്ല. മറ്റെന്തെല്ലാം കാര്യങ്ങൾക്കാണ് അനുദിനജീവിതത്തിൽ ഭാഷ ഉപയോഗിക്കുന്നത്. പരസ്യങ്ങളുടെ പൂക്കാലമാണിത്. ഭാഷ ഇന്ന് ഏറ്റവും സമൃദ്ധമായും കാര്യക്ഷമമായും ഭാവനാത്മകമായും ഉപയോഗിക്കുമ്പോൾ പ്രേരണ ചെലുത്താൻ, മറ്റുള്ളവരെ പ്രേരിപ്പിച്ച് നമ്മുടെ വഴിക്കു കൊണ്ടുവരാൻ അതുപകരിക്കുന്നു, ടെലിവിഷനിലും റേഡിയോയിലും പത്രമാസികകളിലും വഴിനീളെയുള്ള പരസ്യപ്പലകകളിലും സംവേദനശൃംഖല ഊർജ്ജിതമാണ്. ഭാഷയുടെ മറ്റൊരു ധർമ്മം അതു മറ്റുള്ളവരെ രസിപ്പിക്കാൻ ഉപയോഗിക്കാം എന്നതാണ്. വിനോദവ്യവസായം ഇന്ന് വമ്പിച്ച സാമ്പത്തികാടിത്തറ നേടിയിരിക്കുന്നു. രസിപ്പിക്കുന്ന ഭാഷ രാഷ്ട്രീയാധികാരത്തെയും മതാധികാരത്തെപ്പോലും വിറളിപിടിപ്പിക്കുന്നു. രാഷ്ട്രീയക്കാരുടെ അവകാശവാദങ്ങളെ എല്ലാം ട്രോളുകൾ കളിചിരികൊണ്ട് തകിടം മറിക്കുകയാണ്. കളിചിരിമട്ട് ഇന്ന് ഭാഷയുടെ പ്രസന്നമുഖമാണ്. മറ്റുള്ളവരെ രസിപ്പിക്കാൻ മാത്രമല്ല, സ്വയം രസിക്കാനും ഭാഷ ഉപയോഗിക്കുന്നു. അവനവനെക്കുറിച്ചുള്ള കഥകളാണ് ചുറ്റും കേൾക്കുന്നത്. സ്വയം പറയാൻ ശേഷിയില്ലാത്തവർ മറ്റുള്ളവരെക്കൊണ്ടു പറയിക്കുന്നു. ഇനിയുമുണ്ട് ഭാഷയ്ക്ക് വേറെയും സംവേദനശൃംഖ

ലകൾ. ജാതി-മത-വംശ-വർഗ-ലിംഗഭേദങ്ങൾ സംവേദനശൃംഖല യിലൂടെ വെളിവാകുന്നു. വാക്കുകളിലൂടെ മാത്രമല്ല, വേഷവും ഭക്ഷ ണവും ആഭരണവുംകൊണ്ട് സ്വത്വശൃംഖലകൾ തീർക്കുന്നു. മല യാളിസ്ത്രീകൾ അണിയുന്ന താലിയിൽ നോക്കിയാൽ ജാതി ഏത് എന്ന ചോദ്യത്തിനുള്ള ഉത്തരം കിട്ടും. സസ്യാഹാരവും മാംസാ ഹാരവും വ്യത്യസ്ത സംവേദനശൃംഖലകൾ തീർക്കുന്നു. സംവേ ദനശൃംഖലയിൽ തെളിഞ്ഞുവരുന്നതെല്ലാം യാഥാർഥ്യങ്ങളാണെന്നു കരുതരുത്. പൊളി പറയാനും വ്യാജം കാട്ടാനും സംവേദനശൃംഖ ലകൾ ഉപകരിക്കുന്നു. മലയാളിമങ്കയുടെ വേഷം സെറ്റുമുണ്ടാ ണെന്ന് സംവേദനശൃംഖലകൾ പ്രഖ്യാപിക്കുന്നു. എത്ര മലയാളി സ്ത്രീകൾ സെറ്റുമുണ്ട് ധരിക്കാറുണ്ട്? ഇന്നത്തെ നിലയിൽ ചുരി ദാറിന് അവകാശപ്പെട്ട സ്ഥാനം സംവേദനശൃംഖലയിൽ സെറ്റു മുണ്ട് കൈയടക്കിയിരിക്കുന്നു. ആഹാരകാര്യത്തിലുമുണ്ട് സംവേ ദനശൃംഖലയിൽ ഇത്തരം മായാജാലങ്ങൾ. മലയാളിയുടെ ഭക്ഷ ണത്തിൽ ഏറ്റവും പ്രധാന വിഭവം മീനാണ്. എന്നാൽ സസ്യാഹാ രങ്ങൾ മാത്രം വിളമ്പുന്ന പച്ചിലയാണ് കേരളീയ ഭക്ഷണത്തിന്റെ അടയാളം. ഇങ്ങനെ ഉള്ളവയെ മായായാഥാർഥ്യങ്ങൾ എന്നുവേണം വിളിക്കാൻ. ഇത് ഭാഷയുടെ ഒരു അസാധാരണശേഷിയാണ്. ഇല്ലാത്ത കാര്യങ്ങളും ഉണ്ടാകാത്ത കാര്യങ്ങളും ഭാഷയിൽ നിർമ്മി ച്ചെടുത്ത് അവതരിപ്പിക്കുന്നു. ഇല്ലാത്ത അടുപ്പവും അകലവും ഭാഷ യിൽ ഉണ്ടാക്കുന്നു. അത് ഭാഷ സാധാരണധർമ്മമായി ഏറ്റെടുത്തി രിക്കയാണ്.

## സംവേദനശൃംഖലയിലെ ഇണക്കലും പിരിക്കലും (Coding and decoding)

ബർമിംഗ്ഹാം സ്കൂൾ ഓഫ് കൾച്ചറൽ സ്റ്റഡീസിലെ പ്രമുഖ പണ്ഡിതരിൽ ഒരാളായ സ്റ്റുവർട്ട് ഹാൾ (1932–2014) സംവേ ദനപഠനത്തിനു നല്കിയ മൗലിക സംഭാവനയാണ് ഇണക്കലും പിരിക്കലും.

മുഖ്യമായും ടെലിവിഷനെ കൺമുമ്പിൽ കണ്ടുകൊണ്ടാണ് സ്റ്റുവർട്ട് ഹാളിന്റെ പഠനം. സംവേദനത്തിൽ പ്രധാനം സന്ദേശമാ ണ്. സന്ദേശത്തെ മാധ്യമവുമായി ഇണക്കാനും പിരിക്കാനും കാഴ്ച ക്കാർക്ക് അഥവാ ഉപഭോക്താക്കൾക്ക് സാധിക്കും. സന്ദേശം പ്രക

രണനിഷ്ഠമാണ്; അതു മാറ്റിമറിക്കാൻ സംഘടിത പരിശ്രമങ്ങൾക്കു കഴിയും. സന്ദേശം ഇണക്കാനും പിരിക്കാനും സംവേദനപ്രക്രിയയിലുടനീളം പരിശ്രമമുണ്ട്. ടെലിവിഷൻ കണ്ടിരിക്കുന്നവർ സന്ദേശം തൊണ്ടതൊടാതെ വിഴുങ്ങുകയല്ല, പുനർനിർമ്മിച്ച് ഉപയോഗിക്കുകയാണ്. ഇണക്കലും പിരിക്കലും അഭിരുചിയെയും അറിവിനെയും പ്രത്യയശാസ്ത്രത്തെയും ആശ്രയിച്ചിരിക്കും. സന്ദേശം മാറ്റമൊന്നും കൂടാതെ നേരിട്ടങ്ങ് അഴിച്ചെടുക്കാൻ സാധിക്കുകയില്ല. സ്റ്റുവർട്ട് ഹാൾ കൃത്യമായി നാലു മുഹൂർത്തങ്ങൾ സംവേദനപ്രക്രിയയിൽ കണ്ടെത്തുന്നു — ഉത്പാദനം, വിതരണം, ഉപയോഗം, പുനരുത്പാദനം.

ഉത്പാദനഘട്ടത്തിൽ ഉപപാദനരൂപത്തിലാണ് സന്ദേശം അവതരിപ്പിക്കുന്നത്. പ്രമേയം, ബിംബങ്ങൾ, ഉപഭോക്താവിനെക്കുറിച്ചുള്ള ധാരണ, കാഴ്ചസ്ഥലം തുടങ്ങിയവയെല്ലാം ഉത്പാദനപ്രക്രിയയിൽ പങ്കെടുക്കുന്നു. ഉദാഹരണത്തിന്, ATM-നു മുമ്പിൽ നിൽക്കുന്ന പൗരന്മാരുടെ ക്യൂ വാർത്താശൃംഖലയിൽ ഒരു ഉത്പന്നമായിത്തീരുമ്പോൾ അതിന്റെ ഉപപാദനത്തിനാണ് പ്രാധാന്യം. ഒരേ ദൃശ്യംതന്നെ ഉപയോഗിച്ച് വിരസമായ കാത്തുനില്പിന്റെ സന്ദേശമോ കൗതുകകരമായ കാത്തുനില്പിന്റെ സന്ദേശമോ ഉത്പാദിപ്പിക്കുന്നത് സംഘാതാത്മകമായ ഇണക്കുവിദ്യയാണ്. നേരിൽ കണ്ടത് പകർത്തുന്നു എന്ന മട്ടിലാണ് അവതരിപ്പിക്കുന്നതെങ്കിലും ഏന്തോ പറയാനുള്ള പുറപ്പാടാണ്. സംവേദനശൃംഖലയിലൂടെയുള്ള വിനിമയക്രിയ എങ്ങനെ മാറ്റണമെന്ന് തീരുമാനിക്കേണ്ടതുണ്ട്. വിശ്വസ്തതയെക്കുറിച്ചുള്ള സന്ദേശമാണ് പകരേണ്ടതെങ്കിൽ അത് ആൺപെൺസൗഹൃദത്തെക്കുറിച്ചുള്ള കഥയാക്കി മാറ്റണമെന്ന് തരുമാനിക്കാം. മറ്റനേകം സാധ്യതകളിൽനിന്നുള്ള തെരഞ്ഞെടുപ്പാണ്. അതിന് വഞ്ചിച്ച പുരുഷന്റെയോ വഞ്ചിച്ച സ്ത്രീയുടെയോ കഥയാക്കി അതിനെ അവതരിപ്പിക്കാം. 'അച്ഛാ, ഞാൻ അവളെ വിശ്വസിച്ചുപോയി' എന്ന ഡയലോഗുമായി പിതാവിനെ ആശ്ലേഷിക്കുന്ന യുവാവ് കടന്നുവരുന്നത് സ്ത്രീപുരുഷബന്ധത്തിന്റെ കഥ പറയാനല്ല, വിശ്വസ്തതയുടെ പ്രാധാന്യം തെളിയിക്കാനാണ്. കഥാവൃത്തിന്റെ ശൃംഖലയിലാണ് സന്ദേശം പ്രസരിക്കുന്നത്. അർത്ഥപുഷ്ടമായ ഒരു വ്യവഹാരമായി അതു വികസിക്കുന്നു.

വിനിമയത്തിലെ പ്രധാനപ്പെട്ട അടുത്ത മുഹൂർത്തം ഉപയോഗമാണ്. സ്ക്രീനിൽ കാണുന്ന ദൃശ്യങ്ങൾ ആഹ്ലാദത്തിന് ഉപയോഗിക്കണമോ ധ്യാനത്തിന് ഉപയോഗിക്കണമോ പഠനത്തിന് ഉപയോഗിക്കണമോ എന്നു തീരുമാനിക്കാം. ഉപഭോക്താവിന്റെ ധൈഷണികതയും വിശ്വാസങ്ങളും പ്രത്യയശാസ്ത്രവും ഉപയോഗത്തിലൂടെ തെളിയും. കാബ്രേ നൃത്തവും പൊർണൊഗ്രഫിയും ഒരേനിലയിൽ മാംസഭോജനമായി അവതരിക്കാം. മറിച്ച്, കാബ്രേ ഒരു കലാരൂപമായി തിരിച്ചറിഞ്ഞുപയോഗിക്കാൻ സാധ്യതയുണ്ട്. ഇത് അഭിരുചിഭേദമാണ്. പുനരുത്പാദനമാണ്.

സംവേദനശൃംഖലയിലെ നാലാമത്തെ മുഹൂർത്തം ഉണക്കലുകളിലൂടെ കടന്നുവരുന്ന സംവേദനരൂപത്തെ വ്യാഖ്യാനിച്ചു സന്ദേശമാക്കുമ്പോൾ ഉപഭോക്താവിന്റെ അനുഭവങ്ങളും വിശ്വാസങ്ങളും നിർണായകമായിത്തീരുന്നു. അങ്ങനെ പിരിച്ചെടുക്കുന്നത് സ്വന്തമെന്നു പറയുന്ന ഉത്പന്നമാണ്. അതിന്റെ ഇഫക്ട് കളിചിരിയാകാം, ധ്യാനമാകാം, കർമ്മോർജ്ജമാകാം. സംവേദനശൃംഖലയിലെ പിരിക്കൽ ധൈഷണികവും വൈകാരികവും പ്രത്യയശാസ്ത്രപരവുമായ ഫലങ്ങൾ ഉളവാക്കുന്നു. പെരുമാറ്റത്തിൽതന്നെ മാറ്റമുണ്ടാകുന്നു. ഇണക്കലും പിരിക്കലുമായി വിനിമയശൃംഖല അവതരിപ്പിച്ച സ്റ്റുവർട്ട് ഹാൾ സംവേദനത്തെ സർഗാത്മക സാമൂഹികപ്രക്രിയയായി അവതരിപ്പിച്ചു. അങ്ങനെ വരുമ്പോൾ ടെലിവിഷൻ വെറും വിഡ്ഢിപ്പെട്ടിയല്ല, ഉത്പാദനസ്ഥലമാണ്. ഉന്റർനെറ്റിലെ ട്രോളുകൾ ശ്രദ്ധിക്കുക. വാർത്തകളെ ഭാവനാപരമായി പുനരുത്പാദിപ്പിക്കുമ്പോൾ അത് മുഖ്യധാരാവാർത്തകളെ അട്ടിമറിച്ചുകൊണ്ട് പുതുമ നേടുന്നു. ഈ പ്രക്രിയയിൽ കഥാത്വത്തിലൂടെയാണ് സംവേദനം സംഭവമായിത്തീരുന്നത്. മുട്ടത്തുവർക്കിയുടെയും കോട്ടയം പുഷ്പനാഥിന്റെയും നോവലുകൾ വായിക്കുന്നോഴും ഇതുതന്നെയാണ് സംഭവിക്കുന്നത്. ഒ. വി. വിജയന്റെ രചനകളിൽ മാത്രമല്ല, ജനപ്രിയ രചനകളിലും ഭാവനാത്മകതയ്ക്കും നർഗാത്മകതയ്ക്കും ഇടമുണ്ടെന്നു വരുന്നു.

സ്റ്റുവർട് ഹാളിന്റെ കാഴ്ചപ്പാടിൽ സംവദനസംഭവങ്ങളുടെ പിരിക്കലിൽ (decoding) ഉപഭോക്താവിന്റെസ്ഥാനം പലതരത്തിലാണ്. ഇണക്കലിൽ രൂപപ്പെട്ട അർത്ഥത്തെഊനമില്ലാതെ അവത

രിപ്പിക്കുന്നതാണ് ഒരു മാർഗം. അധീശത്വപരമായ സമീപനമാണിത്. ഇണങ്ങിന്റെ അധീശത്വം. നോട്ടുറദ്ദാക്കലിന് ഭരണകൂടം വിവക്ഷിച്ച അർത്ഥമേ ജനകോടികൾ സ്വീകരിക്കാവൂ എന്ന മനോഭാവം. ക്ഷേത്രപ്രവേശനവിളംബരം, മാറുമറയ്ക്കൽ സമരം തുടങ്ങിയവയിലൊക്കെ ഇത്തരം ആധികാരിക അർഥങ്ങൾ പ്രകടമായി.

മറ്റൊരു സാധ്യത കൊള്ളൽകൊടുക്കൽ സമീപനമാണ്. നോട്ടുറദ്ദാക്കലിനെ സർക്കാരിന്റെ കാഴ്ചപ്പാടിൽ മാത്രമല്ല, സാമ്പത്തികജീവിതം തടസ്സപ്പെട്ട സാധാരണ പൗരന്മാരുടെ നിലയിലും സമ്പന്നരുടെ നിലയിലും പരമദരിദ്രരുടെ നിലയിലും നോക്കിക്കണ്ട് കൊള്ളൽകൊടുക്കലിലൂടെ സന്ദേശം വേർതിരിച്ചെടുക്കാം. മൂന്നാമതൊരു സാധ്യതയുള്ളത് സന്ദേശത്തെ പ്രതിരോധിക്കുകയെന്നതാണ്. നോട്ടുറദ്ദാക്കൽ ധൂർത്തും ജനവഞ്ചനയുമാണ് എന്നൊരു നിലപാടുണ്ടായി. സീരിയലിലെ സംഭവങ്ങൾ വെറും കൃത്രിമമാണെന്നു വാദിക്കാം. വാർത്തകളുടെ ദൃശ്യങ്ങൾ എഡിറ്റു ചെയ്തെടുത്തതാണെന്നു വാദിക്കാം. പാഠത്തിന്റെ ഇണക്കുകളെ അവിശ്വസിക്കുന്നതാണ് ഇത്തരം സമീപനം.

ഇണക്കലും പിരിക്കലും മുൻനിർത്തിയുള്ള മാധ്യമവിചാരണ സംസ്കാരപഠനത്തിന്റെ മുഖമുദ്രയാണ്. സ്റ്റുവർട്ട് ഹാളിന്റെ വിശകലനസമ്പ്രദായത്തെ പലരും പരിഷ്കരിക്കാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും അതിനു ലഭിച്ച വ്യാപകമായ പ്രചാരം മറക്കാനാവില്ല.

സംവേദനപ്രക്രിയ മനുഷ്യരാശിയുടെ വളർച്ചയിലും സുസ്ഥിതിയിലും വലിയ പങ്കു വഹിച്ചിട്ടുണ്ട്. സാങ്കേതികവിദ്യയുമായി കൂടിച്ചേർന്ന സംവേദനം മായാലോകങ്ങൾ സൃഷ്ടിക്കുന്നു. ഭൂമിശാസ്ത്രപരമായ അതിരുകൾ മറികടന്ന് സംവേദനശൃംഖല വളരുകയാണ്. സംവേദനശൃംഖലയുടെ വളർച്ച ഇന്റർനെറ്റ് അടയാളപ്പെടുത്തുന്നു. ഇതെല്ലാമാണെങ്കിലും മതം, ജാതി, ദേശം, രാഷ്ട്രം തുടങ്ങിയവയെല്ലാം അനുസരിച്ച് സംവേദനശൃംഖലയിലെ സന്ദേശങ്ങൾ മാറിമറിയുകയാണ്. ഭാഷയിലെ പ്രലോഭനശേഷി വിജ്ഞാനയുഗത്തിൽ പരിധികളില്ലാതെ പെരുകുകയാണ്. മാത്രമല്ല, ഉപഭോഗവ്യഗ്രതയിൽ പ്രാകൃതമായ മോഹങ്ങൾ ശമിപ്പിക്കാനുള്ള ഇടമായും സംവേദനശൃംഖല മാറിയിരിക്കുന്നു. മനുഷ്യനെ മാത്രമല്ല, സർവ ജീവജാലങ്ങളെയും പ്രകൃതിയെയും വസ്തുവത്ക്കരിക്കാനും

ഉപഭോഗവിഭവമാക്കാനും നീക്കങ്ങൾ നടക്കുകയാണ്. കേരളത്തിലെ പട്ടികളും ആനകളും സംവേദനശൃംഖലയിൽ വേട്ടയാടപ്പെടുന്നു. പരമ്പരാഗത കേരളത്തിൽ മനുഷ്യനോട് ഏറ്റവും അടുപ്പമുള്ള മൃഗമായിരുന്നു പട്ടി. മാധ്യമപ്രഭാവകാലമായപ്പോൾ സംവേദനശൃംഖലയിൽ പട്ടി മനുഷ്യനെ വേട്ടയാടുന്ന മൃഗമായിത്തീർന്നു. മാധ്യമ പ്രതിനിധാനത്തിന്റെ മായാജാലമാണിത്. പട്ടികൾ അന്നുമിന്നും മനുഷ്യനെ ആക്രമിച്ചിട്ടുണ്ട്. പക്ഷേ വെടിവെച്ചു കൊന്നു പരിഹരിക്കേണ്ട പ്രശ്നമായിത്തീർന്നത് മാധ്യമശൃംഖലയിലാണ്. മലയാളത്തിലെ പട്ടിക്കഥകൾ പ്രസിദ്ധങ്ങളാണല്ലോ. അവയിൽ പലതിലും പട്ടിയുടെ കൂറും ദൈന്യവുമാണ് വിഷയം. മറിച്ചുള്ള കഥകൾ അങ്ങിങ്ങ് ഉണ്ടായിരിക്കാം. എന്നാൽ സംവേദനശൃംഖലയിലെ പേപ്പട്ടിയുടെ പ്രതിനിധാനം അവകാശപ്പെടാവുന്ന രചനകൾ ഇല്ലെന്നു തന്നെ പറയാം. നിർമ്മാണസംരംഭങ്ങളെ വികസനത്തിന്റെ പര്യായമായി പാടിപ്പുകഴ്ത്തിയ സംവേദനശൃംഖലയിൽ പ്രകൃതിനാശത്തെക്കുറിച്ച് ഏറെയൊന്നും ഉത്ക്കണ്ഠപ്പെട്ടു കണ്ടിട്ടില്ല. കാടും മരവും പ്രതിനിധാനം ചെയ്യപ്പെട്ടത് വികസനവഴിയിലെ പ്രതിബന്ധങ്ങളായിട്ടാണ്. ആനകളുടെ കാര്യം ഇവിടെ ഓർമിക്കാതെ തരമില്ല. കാട്ടാനശല്യം എക്കാലത്തും ഉണ്ടായിരുന്നു. തീ കൂട്ടിയും കിടങ്ങുകളുണ്ടാക്കിയും ആനകളുടെ ഉപദ്രവം ഒഴിവാക്കാനായിരുന്നു പൂർവികരുടെ ശ്രമം. കാട്ടാനകൾ കടന്നുവന്ന് ശല്യമുണ്ടാക്കുന്നതിനെക്കുറിച്ച് വിജ്ഞാനയുഗത്തിൽ സംസാരിക്കുമ്പോൾ ശാസ്ത്രത്തിന്റെ പുതിയ തിരിച്ചറിവുകൾ ഏറെയൊന്നും ഉദ്ധരിക്കപ്പെടുന്നില്ല. ആനത്താരകൾ ഖനനം ചെയ്ത് ദുർഗമങ്ങളാക്കുകയും റെയിൽവേ ട്രാക്കും വേലികളുംകൊണ്ട് തടസ്സപ്പെടുത്തുകയും ചെയ്യുന്നതാണ് ഇന്നത്തെ പതിവ്. ആനത്താരകൾ കണ്ടെത്താൻ വിജ്ഞാനയുഗത്തിൽ പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കാമായിരുന്നു. ആനയുടെ മനസ്സറിയാനും ശീലങ്ങൾ കണ്ടെത്താനും ശാസ്ത്രത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. ഇക്കാര്യങ്ങൾ പണ്ടുതന്നെ വൈലോപ്പിള്ളി എന്ന കവി നമ്മെ ഓർമ്മിപ്പിച്ചതാണ്. 'സഹ്യന്റെ മകനി'ൽ സംവേദനശൃംഖലയുടെ സാധ്യതകൾ മനുഷ്യസമൂഹത്തിൽ ഒതുങ്ങിപ്പോകുന്നു. ഈ പ്രപഞ്ചത്തിലേക്കും സർവ ജീവജാലങ്ങളിലേക്കും വളരുന്നതാണ് ഉത്തമ സംവേദനശൃംഖല. ഗോളാന്തരതയോളം വളരണം സംവേദനശൃംഖ

ല. വീണ്ടുവിചാരത്തിൽ പുനർവിചാരണയ്ക്കും അവസരം നൽകുന്ന തരത്തിൽ വിമർശനാത്മകമാകണം സംവേദനം. അത്തരം സംവേദനത്തിന്റെ ലക്ഷ്യം നാഗരികത (civilization)യായിരിക്കും.

സാമുവൽ ഹണ്ടിംഗ്ടൺ *ക്ലാഷ് ഓഫ് സിവിലിസൈഷൻ* എന്ന ഗ്രന്ഥത്തിൽ പറയുന്നതുപോലെ സംസ്കാരങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലല്ല സംഭവിക്കേണ്ടത്. സംസ്കാരവും നാഗരികതയും തമ്മിൽ ചില താത്ത്വികാചാര്യന്മാർ ഉദ്ദേശിക്കുന്ന വ്യത്യാസം ഓർമിക്കാവുന്നതാണ്. സംസ്കാരം തനിമബോധം ഉദ്ഘോഷിക്കുന്നു. നാഗരികതയാകട്ടെ, വ്യത്യസ്ത സംസ്കാരങ്ങളുടെ വിനിമയബന്ധത്തെ ഏകോപിപ്പിക്കുന്നു. ഭാരതം ഏതു നിലയിൽ നോക്കിയാലും ഒരു നാഗരികതയാണ്. വൈവിധ്യങ്ങളുടെ കലവറയാണിത്. അതിന്റെ ഏകോപനബുദ്ധി സംവേദനത്തിലധിഷ്ഠിതമാണ്. സംവേദനത്തിന്റെ തത്ത്വങ്ങൾ അതുകൊണ്ട് ഭാരതീയർക്ക് സുപ്രധാനമായിത്തീരുന്നു.

"The new paradigm may be called a holistic worldview, seeing the world as an integrated whole rather than a dissociated collection of parts. It may also be called an ecological view, if the term "ecological' is used in a much broader and deeper sense than usual. Deep ecological awareness recognises the fundamental interdependence of all phenomena and the fact that as individuals and societies, we are embedded in the cyclical processes of nature"

- The Systems view of life A unifying vision - Fritjot Capra & Pier Luigi Luisi

## ഗ്രന്ഥ/ലേഖനസൂചി

തോമസ് ജോസ്, ടി. 2016, *ഭാവിവിചാരം*, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷനൽ ബുക് സ്റ്റാൾ: കോട്ടയം.

ഒരു സാമൂഹിക കാഴ്ചപ്പാടിൽനിന്ന്, 2012, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇക്കോളജിക്കൽ സ്റ്റഡീസ്: കോഴിക്കോട്.

Convery Ian, Gerard Corsane 2014 *Making Sense of Place:*

The Boydell Press and Peter davis (Ed)

Duguid Paul, John Seely Brown, 2006, *The Social Life of Information:* Harward Business School Press.

Huntingto Samuel P. 1996 *The Clash of Civilization,* Simon & Schuster.

Jafa Navina, 2012, *Performing Heritage:* Saga Publications

Kaposy Timothy, 2011 *Cultural Theory - An Anthology:* Wiley - Black well. Imre Szeman (Ed)

Katyal Anjun (Ed) 1997 *Sacred to Profane*: Seagull Books.

Kearns Katherine 1997 *Psychoanalysis Historiography and Feminist Therory:* Cambridge University Press.

Kellner Duglas, M., 2001, *Media and Cultural Studies Keyworks:* Black well Meenakshi Giri Durham (Ed) Publishing.

Kullman John and 2004 *Inter Cultural Communication:* Routledge Publication.

Adrian Holliday, Martin Hyde Mackay Hugh (Ed) 1997 *Consumption and Everyday Life:* Sage Publication.

Pinker Steven, 2007, *The Stuff of Thought:* Penguin Books.

Storey John, 2001, *Cultural Theory and Popular Culture:* Pearson Education.

Waston James, Anne Hill, 1997, *A Dictionary of Communication and Media Studies:* St. Martin's Press.

Williams Raymond, 1976, *Communication:* Penguin Books.